# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **01.02.2018-ൽ മറുപടിക്ക്**

**നമ്പർ.1856**

**എൽ.ജി.എസ്.റാങ്ക് പട്ടികയിൽ നിന്നുള്ള നിയമനം**

**ചോദ്യം** **ഉത്തരം**

**ശ്രീ. രാജു എബ്രഹാം** **പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | പത്തനംതിട്ട ജില്ലയിലെ എൽ.ജി.എസ്. റാങ്ക് പട്ടിക (കാറ്റഗറി നമ്പർ 567/2013) എന്നാണ് നിലവിൽ വന്നത്; പ്രസ്തുത ലിസ്റ്റിൽ നിന്നും ഇതു വരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | റാങ്ക് പട്ടിക 30.06.2015-ൽ നിലവിൽ വന്നു. ടി ലിസ്റ്റിൽ നിന്നും 17.01.2018 വരെ 438 പേർക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | വിവിധ കാരണങ്ങളാൽ പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും ആദ്യ റാങ്ക് ജേതാവിനു പോലും 6 മാസത്തിനു ശേഷമാണ് നിയമനം ലഭിച്ചിട്ടുള്ളത് എന്നതിനാൽ നിലവിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ആറ് മാസത്തേക്കു കൂടി ദീർഘിപ്പിക്കുകയും ഇക്കാലയളവിൽ ഉണ്ടാകുന്ന മുഴുവൻ ഒഴിവുകളും പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുകയും ചെയ്യുന്നതിനു എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | നിയമനങ്ങൾ ത്വരിതപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവധി പൂർത്തിയാകുന്ന എൽ.ഡി.സി. (വിവിധം) എൽ.ജി.എസ്.(വിവിധം) റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി ഒഴിവുകൾ ഉണ്ടാവുന്ന മുറയ്ക്ക് തന്നെ യാതൊരു കാലതാമസവും |

| | | | |
|---|---|---|---|
| | | | കൂടാതെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 13.12.2017-ലെ ഉപസി3/ 428/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. അതിനാൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ